**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 925** **28.04.2017 ൽ മറുപടിയ്ക്ക്**

**സ്കൂൾ കലോത്സവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ മന്ത്രി) | |
| (എ) | സ്കൂൾ കലോത്സവങ്ങളിൽ സങ്കര ഭാഷയിൽ രചിച്ച മാപ്പിള പാട്ടുകൾ അവതരിപ്പിക്കുന്നവർക്കു മാത്രം മാപ്പിള പാട്ട് മത്സരങ്ങളിൽ ഉയർന്ന മാർക്ക് നൽകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇതു കാരണം എ.ഡി.1900 വർഷത്തിനു ശേഷം ലളിത മലയാള ത്തിൽ ലക്ഷണമൊത്ത മാപ്പിള പാട്ടുകൾ രചിച്ച നിരവധി മാപ്പിള കവികളുടെ രചനകൾ കലോത്സവ മത്സരങ്ങളിൽ അവതരിപ്പിക്കുവാൻ വിദ്യാർത്ഥികൾ തയ്യാറാകാത്ത സാഹചര്യം ഉണ്ടായത് അറിയാമോ; | (ബി) & (സി) | ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല |
| (സി) | ഇതിനു പരിഹാരമായി സ്കൂൾ കലോത്സവങ്ങളിൽ മാപ്പിള പാട്ട് (സങ്കര ഭാഷ), മാപ്പിള പാട്ട് (ലളിത മലയാളം) എന്നിങ്ങനെ രണ്ടു മത്സരങ്ങൾ ഉൾപ്പെടുത്തണമെന്ന് സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി സെക്രട്ടറിയിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തു തീരുമാനമെടുത്തു; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ